15691
1817117

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.24/2017/സാനീവ** **തീയതി, തിരുവനന്തപുരം,30.06.2017**

---

പരാമർശം: (1) 24.06.2016 ലെ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം.
(2) 17.09.2016 ലെ സ.ഉ.(സാധാ)നം.436/2016/സാനീവ.
(3) 2017-18 ലെ ബജറ്റ് പ്രസംഗം.

**ഉത്തരവ്**

സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം ബഹു. കേരള ഗവർണ്ണർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കു വേണ്ടിയുള്ള പ്രത്യേക വകുപ്പ് 2017-18 ൽ നിലവിൽ വരുമെന്ന് പരാമർശം (3) പ്രകാരവും പ്രഖ്യാപിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചും ആയതിലേയ്ക്ക് ചുവടെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചും ഇതിനാൽ ഉത്തരവാകുന്നു.

i. ഡയറക്ടർ - 1 (ഒന്ന്)
ii. ജില്ലാ ഓഫീസർ - 14 (പതിനാല്)
iii. ലോ ഓഫീസർ - 1 (ഒന്ന്)
iv. അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ - 1 (ഒന്ന്)
v. ഫിനാൻസ് ഓഫീസർ - 1 (ഒന്ന്)
vi. സപ്പോർട്ടിംഗ് സ്റ്റാഫ്
(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1 (ഒന്ന്) (ഡയറക്ടർക്ക്)
(ബി) ഡ്രൈവർ - 1 (ഒന്ന്) (ഡയറക്ടർക്ക്)

(സി) ഓഫീസ് അറ്റൻഡന്റ് - 4 (നാല്) ( ഡയറക്ടർ, ലോ ഓഫീസർ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവർക്ക്)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**റാണി ജോർജ്**
**സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (01.06.2017 ലെ WW1/94/2017/Fin പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (28.06.2017 ലെ ഇനം.നം. 1166)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 28-06-2017

ഫയൽ നം.694049/ബി3/2016/സാ.നീ.വ. ഇനം നം: 1166

വിഷയം : സാമൂഹ്യ നീതി വകുപ്പ് - സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പുതിയ വകുപ്പ് രൂപീകരിക്കുന്നതും തസ്തിക സൃഷ്ടിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

1166

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ : | 694049/ബി3/2016/സാനീവ |
| 2. | വകുപ്പ് : | സാമൂഹ്യനീതി (ബി) വകുപ്പ് |
| 3. | വിഷയം : | സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പുതിയ വകുപ്പ് രൂപീകരിക്കുന്നതും തസ്തിക സൃഷ്ടിക്കുന്നതും - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി : | 17.06.2017 |
| 5. | 1. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? :<br>2. സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? : | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് : | ശ്രീമതി.കെ.എം ലീലാമണി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് : | ശ്രീമതി. റാണി ജോർജ്ജ് ഐ.എ.എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി : | 24.06.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : | 27.06.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : | ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : | 27.06.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : | 27.06.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

(2) ബഹു. കേരള ഗവർണ്ണറുടെ 24.06.2016 ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

*"സ്ത്രീകൾക്ക വേണ്ടിയുള്ള പ്രത്യേക വകുപ്പ് 2017-18 ൽ നിലവിൽ വരും. ഇപ്പോൾ സാമൂഹികക്ഷേമ വകുപ്പിലുള്ള വനിതാസ്കീമുകൾ പുതിയ വകുപ്പിന് കീഴിലായിരിക്കും. ഇതിനായി ജില്ലാതലത്തിൽ 14 ഓഫീസർമാരുടെ പോസ്റ്റുകളും ഡയറക്ടറേറ്റ് തലത്തിൽ ലോ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവരുടെ തസ്തികകളും സൃഷ്ടിക്കുന്നതാണ്. മറ്റു ജില്ലാതല ഉദ്യോഗസ്ഥരെ റീഡിപ്ലോയ്മെന്റ് വഴി കണ്ടെത്തും."*

(3) സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പുതിയ വകുപ്പ രൂപീകരിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു:

*"മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ ജില്ലാതലത്തിൽ 14 ഓഫീസർമാരുടെ പോസ്റ്റുകളും ഡയറക്ടറേറ്റ് തലത്തിൽ ലോ-ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും മറ്റു ജില്ലാതല ഉദ്യോഗസ്ഥരെ റീ ഡിപ്ലോയ്മെന്റ് വഴി കണ്ടെത്തുന്നതിനും അനുമതി നൽകുന്നതോടൊപ്പം ഒരു ഫിനാൻസ് ഓഫീസർ തസ്തിക കൂടി സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നു. ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."*

(4) സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പുതിയ വകുപ്പ രൂപീകരിക്കുമ്പോൾ, പഠനറിപ്പോർട്ടിന്റെയും 2017-18 ലെ ബജറ്റ് പ്രസംഗത്തിന്റെയും ധനവകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കാവുന്നതാണ്.

i. ഡയറക്ടർ - 1

ii. ജില്ലാ ഓഫീസർ - 14

iii. ലോ ഓഫീസർ - 1

iv. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1

v. ഫിനാൻസ് ഓഫീസർ - 1

vi. സപ്പോർട്ടിംഗ് സ്റ്റാഫ്

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1 (ഡയറക്ടർക്ക്)

(ബി) ഡ്രൈവർ - 1 (ഡയറക്ടർക്ക്)

(സി) ഓഫീസ് അറ്റൻഡന്റ് - 4 (ഡയറക്ടർ, ലോ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവർക്ക്)

(5) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യങ്ങൾ

1. വനിത - ശിശു വികസന വകുപ്പ് രൂപീകരണത്തിനെ സംബന്ധിച്ച് ശ്രീ വി.എൻ ജിതേന്ദ്രൻ സമർപ്പിച്ച പഠന റിപ്പോർട്ട് അംഗീകരിക്കാമോ ?

2. ഖണ്ഡിക (4)ൽ പരാമർശിച്ചിരിക്കുന്ന തസ്തികകൾ സൃഷ്ടിച്ച് വനിതാ - ശിശു വികസന വകുപ്പ് രൂപീകരിക്കാവുന്നതാണോ ?